# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 949** — **30/10/2019-ലെ മറുപടി**

**ഡി.ആർ.ഐ.പി.യിൽ ഉൾപ്പെടുത്തി ഭൂതത്താൻകെട്ട് വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആന്റണി ജോൺ** | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻകെട്ട് വിനോദസഞ്ചാര കേന്ദ്രത്തിൽ ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോഗ്രാം(ഡി.ആർ.ഐ.പി )ന്റെ ഒന്നാംഘട്ട പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | എ) ഡി.ആർ.ഐ.പിയിൽ ഉൾപ്പെടുത്തി ഭൂതത്താൻ കെട്ട് ബാരേജിന്റെ പുനരുദ്ധാരണവും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തലും ഹൈഡ്രോമെക്കാനിക്കൽ പ്രവൃത്തികൾ, ഇലക്ട്രിക്കൽ പ്രവൃത്തികൾ, ബാരേജിലൂടെയുള്ള ഗതാഗതം നിയന്ത്രിക്കുന്നതിന് വേണ്ടിയുള്ള പുതിയ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കി വരുന്നു. |
| (ബി) ഡി.ആർ.ഐ.പി - ന്റെ ഒന്നാംഘട്ട പ്രവൃത്തികൾ മുഴുവൻ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ടോ; ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | ബി) ഭൂതത്താൻ കെട്ട് ബാരേജിലെ ഡി.ആർ.ഐ.പിയുടെ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട 4 പദ്ധതികളിൽ ആദ്യത്തെ 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. 4-ാമത്തെ പ്രവൃത്തി 31/12/2019-ൽ പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പദ്ധതിയുടെ കാലാവധി എത്രയാണെന്നും മുഴുവൻ പദ്ധതികളും എന്ന് പൂർത്തീകരിക്കുവാൻ കഴിയും എന്നും അറിയിക്കാമോ; | സി) ഡി.ആർ.ഐ.പി. പദ്ധതിയുടെ കാലാവധി 2020 ജൂൺ വരെയാണ്. ഡി.ആർ.ഐ.പിയുടെ ഒന്നാം ഘട്ട പദ്ധതിയിയുടെ ഭാഗമായി ഭൂതത്താൻകെട്ട് ബാരേജിൽ നടപ്പിലാക്കിയിട്ടുള്ള നാലാമത്തെ പ്രവൃത്തി 31/12/2019 ന് പൂർത്തിയാക്കാൻ കഴിയും എന്ന് ഉദ്ദേശിക്കുന്നു. |
| (ഡി)ഡി.ആർ.ഐ.പി- ന്റെ രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി ഭൂതത്താൻകെട്ട് വിനോദസഞ്ചാര കേന്ദ്രത്തിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ. | ഡി) രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപെടുത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിന്റെ തുകയും (ബ്രാക്കറ്റിൽ) ചുവടെ ചേർക്കുന്നു.<br>ബാരേജ് പ്രവേശനമാർഗ്ഗം ചെങ്കര മുതൽ ഭൂതത്താൻകെട്ട് വരെയുള്ള റോഡിന്റെ (ബി.എം ആന്റ് ബി.സി) നിർമ്മാണം. (2,29,18,750 രൂപ) |

| | |
|---|---|
| | റിസർവ്വോയറിന്റെ അതിർത്തി നിർണ്ണയവും , സംരക്ഷണവും (കമ്പിവേലി നിർമ്മാണം) (ബാക്കി പ്രവർത്തനങ്ങൾ)<br>(18,39,077 രൂപ)<br>പെരുമ്പാവൂരിലെ പട്ടാളിയിലുള്ള ഇൻസ്പെക്ഷൻ മന്ദിരത്തിന്റെ നവീകരണം<br>(35,00,000 രൂപ)<br>ഇൻഫർമേഷൻ സെന്റർ കം ക്ലോക്ക് റൂം ആന്റ് ടോയ്ലറ്റ് ഫെസിലിറ്റീസ് എന്നിവയുടെ പ്രവൃത്തികൾ ( 26,80,142 രൂപ)<br>വിനോദ സഞ്ചാര വികസന പ്രവർത്തനങ്ങൾ (1,00,00,000 രൂപ)<br><br>ആകെ തുക- 4,09,37,969 രൂപ |
| (ഇ) രണ്ടാം ഘട്ട പ്രവൃത്തികൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് അറിയിക്കാമോ? | ഇ) രണ്ടാം ഘട്ട പ്രവൃത്തികൾ 2020ൽ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**